Draft #3 of File 47907/ P&D1/1/2019 Approved by DEPUTY REGISTRAR (P & D) on 10-Jun-2020 11:46 AM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2015-16 വാർഷിക പദ്ധതി- സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിൽ ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുവദിച്ച 12 .50 ലക്ഷം രൂപയിൽ ശേഷിക്കുന്ന പദ്ധതി തുക ഉപയോഗിച്ച് Disaster Management വിഷയത്തിൽ സപ്ലിമെന്ററി ഓൺലൈൻ MOOC കോഴ്സ് ആരഭിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 1**

നമ്പർ. 2478/P&D 1/2020/എം.ജി.യു        പ്രിയദർശിനി ഹിൽസ്,തീയതി: 11.06.2020

---

*പരാമർശം:*-1. ഉത്തരവ് നമ്പർ 4523/P&D1/1/2015/Admn, തീയതി 12.8.2015

2. വകുപ്പ് മേധാവി 28.11.2019 ലെ കത്ത് നമ്പർ SES/MGU/MOOC-DM/2019

3. 26.5.2020 -ൽ കൂടിയ സിന്റിക്കേറ്റ് യോഗത്തിന്റെ ഇനം നമ്പർ 219/20.02/47907/P&DI/1/2019

**ഉത്തരവ്**

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിൽ ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് 12.5 ലക്ഷം രൂപ പരാമർശം (1) പ്രകാരം വകുപ്പ് മേധാവിക്ക് കൈമാറി നൽകുകയും ചെയ്തിരുന്നു.

ടി തുകയിൽ നിന്നും 7,14,197/- രൂപ പദ്ധതിക്കായി വിനിയോഗിച്ചതായും പലിശ ഉൾപ്പെടെ 6,04,889/- രൂപ ശേഷിക്കുന്നതായും വകുപ്പ് മേധാവി പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. ടി ശേഷിപ്പ് തുക ഫലപ്രദമായി വിനിയോഗിക്കുന്നതിലേക്കായി Disaster Management വിഷയത്തിൽ സപ്ലിമെന്ററി ഓൺലൈൻ MOOC കോഴ്സ് ആരഭിക്കുന്നതിന് അനുമതി നൽകണമെന്നും ഇതിന് അധികമായി വേണ്ടിവരുന്ന 3,95,111/- രൂപ അനുവദിക്കണമെന്നും വകുപ്പ് മേധാവി അഭ്യർഥിക്കുകയുണ്ടായി.

വിഷയം പരിഗണിച്ച സിന്റിക്കേറ്റ് പരാമർശം (3) പ്രകാരം താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടു

'2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി Disaster Management വിഷയത്തിൽ MOOC കോഴ്സ്, സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിൽ ആരംഭിക്കുന്നതിനായി അനുവദിച്ച തുകയിൽ പദ്ധതി പൂർത്തീകരണത്തിന് ശേഷമുള്ള തുക ചെലവഴിക്കുന്നതിന്, വ്യക്തമായ പ്രൊപ്പോസൽ സഹിതം അനുമതി നേടിയതിനു ശേഷം , പ്രസ്തുത തുക ഉപയോഗിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനു അനുവാദം നൽകുവാൻ തീരുമാനിച്ചു.'

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വകുപ്പ് മേധാവി, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്
2. വി സി,പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. എ സി സി സെക്ഷൻ
5. കെ എസ് എ ഡി / സി എം എസ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 47907/ P&D1/1/2019 Approved by DEPUTY REGISTRAR (P & D) on 10-Jun-2020 11:46 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം